# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4131 | 12.11.2019 - ൽ മറുപടിക്ക് |
|---|---|

## വാറ്റ് കുടിശിക തിരിച്ചുപിടിക്കാനായുള്ള ജനറൽ സ്ക്രൂട്ടിനി സോഫ്റ്റ് വെയർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.ജെ. ജോസഫ് : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | വാറ്റ് കുടിശിക തിരിച്ചുപിടിക്കാനായി വാണിജ്യവകുപ്പ് രൂപകല്പന ചെയ്ത ജനറൽ സ്ക്രൂട്ടിനി സോഫ്റ്റ് വെയർ തയ്യാറാക്കിയത് ആരുടെ നിർദ്ദേശ പ്രകാരമാണ്; | (എ) | 02-02-2016-ൽ ചേർന്ന ജി.എസ്.ടി. സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് റിട്ടേൺ സ്ക്രൂട്ടിനി സോഫ്റ്റ് വെയർ തയ്യാറാക്കിയത്. ആയതിന്റെ അടിസ്ഥാനത്തിൽ G.O.(Rt) No.834/2017/Taxes dated 11-10-2017 എന്ന ഉത്തരവ് പ്രകാരം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന് സ്ക്രൂട്ടിനി മോഡ്യൂൾ തയ്യാറാക്കാൻ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | വ്യാപകമായ തെറ്റുകൾ ഉണ്ടായിട്ടുള്ള ഈ സോഫ്റ്റ് വെയറിന് ചെലവായ തുക എത്ര എന്ന് അറിയിക്കുമോ; | (ബി) | സ്ക്രൂട്ടിനി മൊഡ്യൂൾ തയ്യാറാക്കുന്നതിന് 5,41,500/- രൂപ ചെലവായിട്ടുണ്ട്. |
| (സി) | ഇത് തയ്യാറാക്കിയ കമ്പനി ഏതാണെന്നും കമ്പനിയെ തെരഞ്ഞെടുത്തത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്നും അറിയിക്കുമോ; | (സി) | KVATIS ആപ്ലിക്കേഷൻ വികസിപ്പിക്കുകയും പിന്നീട് അതിന്റെ തുടർപരിപാലനം നിർവഹിക്കുകയും ചെയ്തിരുന്ന ടാറ്റ കൺസൾട്ടൺസി സർവീസ് ലിമിറ്റഡ് (ടി.സി.എസ്.) എന്ന കമ്പനിയാണ് സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് കമ്മീഷണറുടെ നേരിട്ടുള്ള നിർദ്ദേശ പ്രകാരം മൊഡ്യൂൾ തയ്യാറാക്കിയത്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സോഫ്റ്റ് വെയറിന്റെ നടപടിക്രമവുമായി സർക്കാർ മുന്നോട്ട് പോകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | വ്യാപാരികളുടെ പ്രതിനിധികളുമായി 30-10-2019-ൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഇനി മുതൽ ജനറൽ സ്കൂട്ടിണി മോഡ്യൂൾ വഴി നോട്ടീസുകൾ നൽകേണ്ടതില്ലെന്നും ഇതുവരെ നൽകിയ നോട്ടീസുകളെ സംബന്ധിച്ച് നിയമ വകുപ്പുമായി ചർച്ച ചെയ്ത് തുടർനടപടികൾ കൈക്കൊള്ളാമെന്നും തീരുമാനം എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ